(എ) കയറുല്പന്നങ്ങളുടെ റിബേറ്റിന്റെ കേന്ദ്രവിഹിതം നിറുത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) കയറുല്പന്നങ്ങളുടെ മിനിമം എക്സ്പോർട്ട് പ്രൈസ് വെട്ടിക്കുറച്ചിട്ടുണ്ടോ ;

(സി) റിബേറ്റ് നിറുത്തലാക്കിയതിന്റെയും മിനിമം എക്സ്പോർട്ട് പ്രൈസ് വെട്ടിക്കുറച്ചതിന്റെയും ഫലമായി കയർ വ്യവസായ രംഗത്തുണ്ടായിരിക്കുന്ന സ്ഥിതിവിശേഷം നേരിടുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) റിബേറ്റിന്റെ കേന്ദ്രവിഹിതം നിറുത്തലാക്കിയതായി രേഖാമൂലമുള്ള അറിയിപ്പ് നടപ്പ് വർഷം (2000-2001) റിബേറ്റ് അനുവദിക്കുന്നതിനുള്ള തുടർച്ചാനുമതിയോ കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) റിബേറ്റ് നിറുത്തലാക്കിയതായി കേന്ദ്ര സർക്കാരിൽ നിന്ന് രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ തുടർച്ചാനുമതി ലഭിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയുമായി കത്തിടപാടുകൾ മന്ത്രിതലത്തിൽ നടത്തിവരുന്നുണ്ട്. എം.ഇ.പി. ഘട്ടം ഘട്ടമായി പിൻവലിക്കുന്നതിന്റെ ഭാഗമായി എംബെലിഷ്മെന്റ് കോസ്റ്റ് നീക്കം ചെയ്തുകൊണ്ട് പുതുക്കിനിശ്ചയിച്ച എം.ഇ.പി., ഫലത്തിൽ നിലവിലുണ്ടായിരുന്ന എം.ഇ.പി. വെട്ടിക്കുറച്ചതിനു തുല്യമായിട്ടാണ് വ്യവസായരംഗത്ത് അനുഭവപ്പെടുന്നത്. ഇതുമൂലം കയറ്റുമതി രംഗത്തുണ്ടായ വ്യതിയാനങ്ങളെക്കുറിച്ചും വ്യവസായ രംഗത്ത് ചെറുകിട ഉൽപ്പാദകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും പഠിക്കാൻ കയർ ബോർഡ് നിയോഗിച്ച ഏജൻസിയെ എം.ഇ.പി. പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഗുരുതരമായ ഈ പ്രതിസന്ധി സംബന്ധിച്ച് വിശദാംശങ്ങൾ വകുപ്പുമന്ത്രി കേന്ദ്രമന്ത്രിയെ നേരിട്ടു കണ്ട് ബോധിപ്പിക്കുകയും എം.ഇ.പി. നിറുത്തലാക്കരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപരിയായി റിബേറ്റിന്റെ തുടർച്ചാനുമതി നൽകുന്നതിനും എം.ഇ.പി. 1997 - ലേക്കു നിലനിർത്തണമെന്നും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിലേയ്ക്കായി ഇക്കഴിഞ്ഞ പാർലമെന്റംഗങ്ങളുടെ കോൺഫറൻസിലും സർക്കാർ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. റിബേറ്റിന് കേന്ദ്ര സർക്കാരിന്റെ തുടർച്ചാനുമതി നടപ്പു വർഷം ലഭിച്ചിട്ടില്ല എങ്കിലും സർക്കാർ 70 ദിവസത്തെ റിബേറ്റ് ഇക്കൊല്ലം പ്രഖ്യാപിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

123 (243) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്രസർക്കാരിന്റെ ആഗോളവൽക്കരണ നടപടികളുടെ ഭാഗമായുള്ള അനിയന്ത്രിത ഇറക്കുമതി സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കേന്ദ്ര സർക്കാരിന്റെ അനിയന്ത്രിത ഇറക്കുമതി സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ എത്രമാത്രം ദോഷകരമായി ബാധിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് പാർലമെന്ററി സബ്കമ്മിറ്റിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്തെ ചെറുകിടവ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(എഫ്) സംസ്ഥാനത്തെ പുതിയ സാങ്കേതിക പരിജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തി ചെറുകിട വ്യവസായത്തെ ഉദ്ധരിക്കാനും പരിഷ്കരിപ്പിക്കാനും സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ജി) ചെറുകിട വ്യവസായ മേഖലയെ പുനഃരുദ്ധരിക്കാൻ താലൂക്ക് തല ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഏതെങ്കിലും വിധത്തിൽ സഹായിച്ചുവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജനകീയാസൂത്രണ പദ്ധതികൾ ചെറുകിട വ്യവസായ മേഖലയെ ഏതൊക്കെ വിധത്തിൽ സഹായിച്ചുവരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ തലത്തിൽ ഇതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ഇതു സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നു.

(സി) ഇതു സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നതേയുള്ളു.

(ഡി) ഉണ്ട്.

(ഇ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്തുവാനായി 1998-ൽ പുതിയ വ്യവസായനയം പ്രഖ്യാപിച്ച് അതനുസരിച്ച് പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

(എഫ്) സർക്കാരും ഗവേഷണസ്ഥാപനങ്ങളും ചേർന്ന് പുതിയ സാങ്കേതികവിദ്യ വ്യവസായ മേഖലയിൽ എത്തിക്കുന്നതിന് ഇൻഡസ്ട്രീസ് വാഴ്സിറ്റിലിങ്കോഡ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. റീജിയണൽ റിസർച്ച് ലബോറട്ടറിയുമായി ചേർന്ന് ഓട്ടുവ്യവസായത്തിനാവശ്യമായ പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വിജയകരമായി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ചെറുകിട വ്യവസായ മേഖലയെ പുനരുദ്ധരിക്കാൻ താലൂക്ക്തല ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ എന്ന പദ്ധതി നടപ്പാക്കുന്നില്ല. എല്ലാ ജില്ലകളിലും ജില്ലാമിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സഹകരണസംഘത്തിന്റെ വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(എച്ച്) വ്യവസായ വികസനത്തിനുവേണ്ട അടിസ്ഥാന സൗകര്യ വികസനം, ക്ളസ്റ്റർവികസനം തുടങ്ങിയ പദ്ധതികൾ ഇതിന്റെ ഭാഗമായി നടത്തിവരുന്നു.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ഉയർത്തുന്ന മലിനീകരണ പ്രശ്നങ്ങൾ

124 (244) ശ്രീ. ബി. വിജയകുമാർ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ഉയർത്തുന്ന മലിനീകരണ പ്രശ്നങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു ;

(സി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കിയോ ; ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) ജലമലിനീകരണ പ്രശ്നം മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. അന്തരീക്ഷ മലിനീകരണം ഏതാണ്ട് പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) ജലമലിനീകരണ പ്രശ്നത്തെപ്പറ്റി പഠനം നടത്തി നിവാരണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഡോ. എ. സി. ദാമോദരൻ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ ഈ ഗവൺമെന്റ് നിയമിക്കുകയുണ്ടായി. കമ്മിറ്റി വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും കമ്പനി അവ നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതിനിടെ പൂർണ്ണമായും മാലിന്യ വിമുക്തമാക്കി (സീറോ പൊല്യൂഷൻ) ജലം പുറത്തേക്കൊഴുക്കുന്നതിനുള്ള ഒരു ജർമ്മൻ കമ്പനിയുടെ സാങ്കേതിക വിദ്യയെ സംബന്ധിച്ച് കമ്പനി പഠനം നടത്തുകയുണ്ടായി. സാങ്കേതിക വശങ്ങൾ പരിശോധിച്ചപ്പോൾ ആ ടെക്നോളജി ഇവിടെ അനുയോജ്യമല്ലെന്നു കണ്ടതിനെത്തുടർന്ന് ഡോ. എ. സി. ദാമോദരൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അതിന് അംഗീകാരം നൽകിയിരിക്കുകയാണ്. 108.3 കോടി ചെലവു പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ ടെൻഡറുകൾ ക്ഷണിക്കുകയും വിലയിരുത്തലുകൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഈ പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly